

# മിണ്ടാട്ടം

## വിനോദ് നായർ

ജീവിതപ്പാതയിലെ കാഴ്ചകളുടെ നിധി ശേഖരംതുറക്കാനുള്ള താക്കോൽക്കൂട്ടങ്ങളുണ്ട്. വിനോദ് നായരുടെ കണ്ണുകളിൽ നേരും നന്മയുമുള്ള ആ ഭാഷയ്ക്കു കാഴ്ചയെ ഉൾക്കാഴ്ചയാക്കാനുള്ള വിരുതുമുണ്ട്. തീവ്രവേദനയിലും സൃഷ്ടിക്കപ്പെടുന്ന നർമത്തിന്റെ നൈർമല്യം കഥപറച്ചിൽ അനായാസമാക്കുന്നു. മുല്ലവള്ളിയെ അടുത്തുകാണാൻ അതു പടരുന്ന നാട്ടുമാവിൽ ഏണി ചാരുന്ന വിരുതോടെ, കഥാപാത്രങ്ങളുടെ ആത്മാവിലേക്കിറങ്ങുമ്പോൾ മനുഷ്യ ജീവിതമെന്ന കരിങ്കല്ലുകൾ ഇവിടെ വിഗ്രഹങ്ങളായി മാറുന്നു.

–രേഖ കെ.

നമ്മൾക്കറിയുന്ന മണമാണ് ഓരോ കഥയ്ക്കും. പക്ഷേ, തേൻമിഠായിപോലെ അതു നമ്മൾ കഴിച്ചുകൊണ്ടിരിക്കും. ഇങ്ങനെ മധുരം കഴിക്കുന്നതിനിടയ്ക്ക് ഒരു കുഞ്ഞു മുളക് കടിച്ചാൽ മതി. ആ നീറൽ പിന്നെ എത്ര മധുരം കഴിച്ചാലും നമ്മളെ വേട്ടയാടിക്കൊണ്ടിരിക്കും. അങ്ങനെ നീറുന്ന ഒരു വാചകമാണ് ഇത് വായിച്ചുതീരുമ്പോൾ മനസ്സിൽ നിൽക്കുന്നത്. അത് കവിതയല്ല, ജീവിതത്തോളം പോന്നതാണ്: "പൂച്ചകളെ കളയുന്നതിനെക്കാൾ എളുപ്പമാണ് പ്രായമായ അമ്മമാരെ കളയാൻ".

–ബി.കെ. ഹരിനാരായണൻ


ഡി സി ബുക്സ്
www.dcbooks.com

ഓർമ്മ

കവർ ഡിസൈൻ
സൈനുൽ ആബിദ്

ISBN 978-93-5732-243-4

₹ 230
E-book Available


വിനോദ് നായർ • മിണ്ടാട്ടം

ഡി സി ബുക്സ്

വിനോദ് നായർ



പിണക്കം തീരുന്നത് ഒരു
പൂ വിരിയും പോലെയാണ്

മിണ്ടാട്ടം

33

LIBRARY
2533

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2533 Call No. ........................

This book should be returned on or before the date last given below.

വിനോദ് നായർ

കോട്ടയം ജില്ലയിലെ അരീപ്പറമ്പിൽ ജനിച്ചു. പിതാവ്: പി.ജി. പരമേശ്വരൻ നായർ. മാതാവ്: എൻ. രാധമ്മ. കോട്ടയം സി.എം.എസ്. കോളേജിലും ബസേലിയസ് കോളേജിലും കൊച്ചി മീഡിയ അക്കാദമിയിലുമായി വിദ്യാഭ്യാസം. ഇപ്പോൾ മലയാള മനോരമ കോട്ടയം യൂണിറ്റിൽ ചീഫ് ന്യൂസ് എഡിറ്റർ.

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച
പുസ്തകങ്ങൾ പരിചയപ്പെടാൻ
ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

# മിണ്ടാട്ടം

## നറുചിരിക്കഥകൾ

**വിനോദ് നായർ**

**ഡി സി ബുക്സ്**

**D C Books**
DC Kizhakemuri Edam
Good Shepherd Street
KERALA, INDIA-686 001

MALAYALAM LANGUAGE

Mindāttam

MEMOIR
*by* Vinod Nair

Rights Reserved

First Published December 2023

P-ISBN: 978-93-5732-245-4
E-ISBN: 978-93-5732-241-6

Distributors : D C Books-Current Books, INDIA

Printed in India: D C Press, Kottayam, INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Vinod Nair
Mindattam/ Vinod Nair.
176 p., 21 cm.
ISBN 978-93-5732-245-4
1.Memoir I.Title
920-dc 22.

*The views and opinions expressed in this book are the author's own and the facts are as reported by him, and the publishers are not in any way liable for the same.*

*This book is produced from independently certified FSC® paper to ensure responsible forest management.*

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

: www.dcbooks.com : www.dcbookstore.com
: ebooks.dcbooks.com : customercare@dcbooks.com : 7290092216

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

1325/23-24-Sl.No. 25810-dcb 8548-1000-7097-11-23-hn 60-T4-e rr- p sr- d sp

# എഴുത്തിന്റെ രസം, വായനയുടെ തന്ത്രം

## സത്യൻ അന്തിക്കാട്

അന്നെനിക്ക് പതിനാറു വയസ്സേ ഉള്ളൂ. ബാലപംക്തികളിൽ കഥയെഴുതിത്തുടങ്ങിയ കാലം. എഴുതിയെഴുതി എം.ടി. വാസുദേവൻ നായരാകാനാണ് മോഹം. മാതൃഭൂമി സ്റ്റഡി സർക്കിളിന്റെ സജീവപ്രവർത്തകനാണ് ഞാൻ. ഒരു ദിവസം കൊടുങ്ങല്ലൂരിനടുത്ത് ഒരു മീറ്റിങ്ങിനു പോയി. പത്താം ക്ലാസിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി പാസ്സായ കുട്ടികൾക്ക് സ്റ്റഡി സർക്കിൾ വക സമ്മാനം നൽകുന്ന ചടങ്ങാണ്. അന്തിക്കാട്ടുനിന്നുതന്നെയുള്ള രഞ്ജിത്ത് എന്ന കൂട്ടുകാരനുമുണ്ട് കൂടെ. സമ്മാനദാനവും കലാപരിപാടികളുമൊക്കെ കഴിഞ്ഞപ്പോൾ രാത്രി പതിനൊന്നു മണി. അന്തിക്കാട്ടേക്കുള്ള ബസ്സുകളൊക്കെ പോയി. റൂട്ട് അവസാനിപ്പിച്ച് ഷെഡ്ഡിലേക്ക് മടങ്ങിപ്പോകുന്ന ഒരു ബസ്സിൽ വലപ്പാട് വരെയെത്തി. അവിടുന്ന് ഒരു ലോറിയിൽ കയറി വാടാനപ്പള്ളിയിലെത്തിയപ്പോൾ മണി ഒന്നു കഴിഞ്ഞു. ഇടവിട്ട് കത്തുന്ന വഴിവിളക്കുകളല്ലാതെ മറ്റൊരു വെളിച്ചവുമില്ല. എന്റെയടക്കം പല വീടുകളിലും വൈദ്യുതി എത്തിയിട്ടില്ലാത്ത കാലമാണ്. വാടാനപ്പള്ളിയിൽനിന്ന് നാലഞ്ചു കിലോമീറ്റർ നടക്കണം, വീടെത്താൻ. കൂട്ടുകാരൻ കൂടെയുണ്ടല്ലോ. ആ ധൈര്യത്തിൽ മുണ്ട് മടക്കിക്കുത്തി നടന്നു. മൂന്നു കിലോമീറ്ററോളം ചെന്നപ്പോൾ കാരമുക്ക് എന്ന സ്ഥലത്തെത്തി.

"എന്നാൽ പിന്നെ നമുക്ക് നാളെ കാണാം. ഇതിലേ പോയാൽ എന്റെ വീട്ടിലേക്ക് എളുപ്പമെത്താം" എന്നു പറഞ്ഞുകൊണ്ട് മറുപടിക്ക് കാത്തുനിൽക്കാതെ ഇരുട്ടു നിറഞ്ഞ ഇടവഴിയിലേക്കിറങ്ങി കൂട്ടുകാരൻ ഒരൊറ്റ ഓട്ടം. തീരെ പ്രതീക്ഷിക്കാത്ത ആ നീക്കത്തിൽ പകച്ച് പെരുവഴിയിൽ ഞാൻ ഒറ്റപ്പെട്ട് നിന്നു. കൂട്ടുകാരന്റെ പിറകെ ഓടിച്ചെല്ലാൻ ധൈര്യമില്ല. വെളിച്ചമില്ലാത്ത ആ മൺപാതയുടെ അരികിലുള്ള വഴിയമ്പലത്തിൽ ഒരാൾ തൂങ്ങിമരിച്ചു നിൽക്കുന്നതു കണ്ടിട്ട് രണ്ടു ദിവസം കഴിഞ്ഞതേയുള്ളൂ.